"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് -ജീവനക്കാര്യം- ജയരാജ്.പി (PEN: 685002) എന്നവരുടെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണകാലം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1811/2025/LSGD തീയതി,തിരുവനന്തപുരം, 23-07-2025

---

പരാമർശം:-
1. പ്രിൻസിപ്പൽ ഡയറക്ടറുടെ 24.06.25-ലെ LSGD/PD/3689/2025-DEH5 നമ്പർ കത്ത്.
2. അഡീഷണൽ ഡയറക്ടറുടെ 02.06.25-ലെ LSGD/PD/3689/2025-DEH5 നമ്പർ നടപടിക്രമം.

**<u>ഉത്തരവ്</u>**

അസിസ്റ്റന്റ് എൻജിനീയർ ജയരാജ്.പി (PEN: 685002)-യുടെ നിരീക്ഷണകാലം ദീർഘിപ്പിച്ച് നൽകുന്നതിനായി പരാമർശം 1 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. ജയരാജ്.പി അസിസ്റ്റന്റ് എഞ്ചിനീയറായി 28.09.2012 പൂർവ്വാഹ്നത്തിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതാണ്. നിരീക്ഷണ കാലയളവിൽ ടിയാന്റെ സേവനവും സ്വഭാവവും തൃപ്തികരമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാനെതിരെ വിജിലൻസ് നടപടികളോ അച്ചടക്കനടപടികളോ നിലവിലില്ലെന്ന് വിജിലൻസ് വിഭാഗം റിപ്പോർട്ട് നൽകിയിട്ടുണ്ട്. നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിന് ആവശ്യമായ വകുപ്പ്തല പരീക്ഷ പാസ്സായിരിക്കണം എന്ന നിബന്ധന ടിയാൻ യഥാസമയം പാലിച്ചിട്ടില്ലാത്തതാണ്. 1958 കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 13 ബി പ്രകാരം, 50 വയസ്സ് പൂർത്തിയായ സർക്കാർ ഉദ്യോഗസ്ഥൻ നിർബന്ധിത വകുപ്പുതല പരീക്ഷ വിജയിക്കുന്നതിൽ നിന്ന് സ്ഥിരമായ ഇളവിന് അർഹതയുണ്ട്. ജയരാജ്.പി യുടെ ജനനത്തീയതി 30.04.1970 ആണ്, ടിയാൻ 29.04.2020-ൽ 50 വയസ്സ് പൂർത്തിയായിട്ടുണ്ട്. ആയതിനാൽ 30.04.2020 പൂർവ്വാഹ്നം പ്രാബല്യത്തിൽ പ്രൊബേഷൻ പൂർത്തീകരിച്ച് പ്രഖ്യാപിക്കുന്നതിന് പ്രൊബേഷൻ കാലയളവ് 01.05.2020 വരെ നീട്ടേണ്ടതുണ്ട്. ജയരാജ്.പി, അസിസ്റ്റന്റ് എഞ്ചിനീയറുടെ നിരീക്ഷണകാലം 28.09.2014 മുതൽ 27.09.2015 വരെ ഒരു വർഷകാലയളവിലേയ്ക്ക് പരാമർശം 2 പ്രകാരം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം 1 ശുപാർശയുടെ അടിസ്ഥാനത്തിൽ ജയരാജ്.പി (PEN: 685002) യുടെ അസിസ്റ്റന്റ് എൻജിനീയർ തസ്തികയിലെ നിരീക്ഷണ കാലയളവ് 01.05.2020 വരെ 1958 കെ.എസ്&.എസ്.എസ്.ആർ ഭാഗം II ചട്ടം 13 ബി യിലെ വ്യവസ്ഥകൾക്ക് വിധേയമായി, ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

ജയരാജ്.പി (PEN:685002), അസിസ്റ്റന്റ് എഞ്ചിനീയർ (ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ് (EWB2/136/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 23-07-2025 11:14:43